LIBRARY ARCHIVES Kerala Legislative Assembly

## പച്ചക്കറിക്ക് ലഭിക്കുന്ന താങ്ങുവില

16 (1001) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ പച്ചക്കറിക്ക് താങ്ങുവില നിശ്ചയിക്കുമെന്നും അത് ലഭിക്കാത്തവർക്ക് അക്കൗണ്ടിൽ നൽകുമെന്നും അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്കാണ് അപ്രകാരം തുക കിട്ടിയിട്ടുള്ളത്; വ്യക്തമാക്കുമോ?

G.O.(Ms) 80/2020/Agri, 26-10-2020-ലെ ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. പദ്ധതി 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2,712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2,187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും GO (Rt) 580/2021/Agri, 6-7-2021- ലെ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

## കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കാൻ നടപടി

17 (1002) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ബി) ഉണ്ടെങ്കിൽ ആയതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി 'പാഠം ഒന്ന് പാടത്തേയ്ക്ക്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്നതല്ലാതെ കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കുന്നതാണ്. എങ്കിലും പ്രൈമറി, ഹൈസ്കൂൾ ക്ലാസ്സുകളിലെ ശാസ്ത്രം, സാമൂഹ്യശാസ്ത്രം പാഠപുസ്തകങ്ങളിൽ കേരളത്തിലെയും ഇന്ത്യയിലെയും കൃഷി രീതികളെക്കുറിച്ചും വിവിധ ഭൂപ്രകൃതി വിഭാഗങ്ങളിൽ കൃഷിചെയ്യുന്ന വിളകൾ, അവയുടെ വളർച്ചയ്ക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നൽകിയിട്ടുണ്ട്.

**സംസ്ഥാനത്തെ ഡാറ്റാബാങ്ക്**

18 (1003) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഡാറ്റാ ബാങ്കുകളിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടുള്ള പുരയിടങ്ങളെ ഒഴിവാക്കി ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്തുള്ള 1077 കൃഷിഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ടതായ 1061 കൃഷിഭവനുകളിലും ഡാറ്റാ ബാങ്കുകൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഇപ്രകാരം പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾമൂലം സങ്കടങ്ങൾ അനുഭവിക്കുന്ന ഏതൊരാൾക്കും അത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഫാറം 5-ലുള്ള അപേക്ഷാ ഫാറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. അത്തരം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിഹാരനടപടികളും സ്വീകരിച്ചുവരുന്നു.

**പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്റർ**

19 (1004) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ബ്ലോക്കിലെ പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്റർ വിപുലപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നോ?

പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്റർ വിപുലപ്പെടുത്തുന്നതിന് RKVY പദ്ധതിപ്രകാരം അംഗീകാരം ലഭിക്കുന്നതിനായി 143 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി പയ്യന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകിയിരുന്നോ; അതിന്റെ തുടർ നടപടികൾ എന്തെല്ലാമായെന്ന് വിശദമാക്കാമോ?